പതിമൂന്നാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 33 | 05-03-2012 - ൽ മറുപടിക്ക്

## യു.എൻ.ഡി.പി.യുടെ ഭരണ സുതാര്യതാ പഠനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. വി.റ്റി. ബൽറാം :<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീ. കെ. അച്ചുതൻ : | ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ ഭരണ സുതാര്യത പഠന വിധേയമാക്കുവാൻ ഉദ്ദേശിക്കുന്നതായി ഐക്യരാഷ്ട്രസഭയുടെ ഏജൻസിയായ യു.എൻ.ഡി.പി. സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തിന്റെ ഭരണ സുതാര്യത പഠന വിധേയമാക്കുവാൻ ഉദ്ദേശിക്കുന്നതായി 17-02-2012-ലെ ഇ-മെയിൽ പ്രകാരം അറിയിച്ചിട്ടുണ്ട്. |
| (ബി) ഏതെല്ലാം കാര്യങ്ങളാണ് പഠന വിധേയമാക്കാൻ ഉദ്ദേശിക്കുന്നതായി അറിയിച്ചിട്ടുള്ളത് ; | (ബി) നിലവിലുള്ള ജനാധിപത്യഭരണ സംവിധാനം, ഇ-ഗവേർണൻസ്, ഭരണ സുതാര്യത, അഴിമതി നിരോധനം, തദ്ദേശ സ്വയംഭരണം, മുഖ്യമന്ത്രിയുടെ ഓഫീസിലെ 24 X 7 പ്രവർത്തിക്കുന്ന കോൾസെന്റർ, വിസിൽ ബ്ളോയിംഗ് സെന്റർ, വിഷൻ 2030-മായി ബന്ധപ്പെട്ട ഐഡിയബോക്സ് മുതലായവ. |
| (സി) ഏതെല്ലാം കാരണങ്ങൾ കൊണ്ടാണ് യു.എൻ.ഡി.പി. ഇങ്ങനെയൊരു തീരുമാനത്തിലെത്തിയത് എന്ന് വിശദീകരിച്ചിട്ടുണ്ടോ ; | (സി) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടി മുഖേനയുള്ള ജനപങ്കാളിത്വവും ജനങ്ങളുമായി അടുത്തറിയുന്ന ഭരണ സംവിധാനത്തെ അഭിനന്ദിച്ചിരിക്കുന്നു. ഇതിനെക്കുറിച്ച് പഠിക്കുവാനായി അവർ ആഗ്രഹിക്കുന്നു. |
| ഡി) പഠനത്തിനായി സംസ്ഥാനം സന്ദർശിക്കുന്ന കാര്യം അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | ഡി) മാർച്ച് മാസം രണ്ടാമത്തെ ആഴ്ച സന്ദർശിക്കുന്നതാണെന്ന് യു.എൻ.ഡി.പി.ലെ പ്രാക്റ്റീസ് ഡയറക്ടർ ഒരു ഇ-മെയിൽ മുഖേന അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ